# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## വിശപ്പിനെതിരെ പോരാടണമെന്ന് ആവശ്യപ്പെട്ട് യു.എൻ നേതാക്കൾക്ക് ഫ്രാൻസിസ് പാപ്പായുടെ കത്ത്



വത്തിക്കാൻ: വിശപ്പിനെതിരെ പോരാടണമെന്നാവശ്യപ്പെട്ട് ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള സംഘടനയായ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷനിലെ (FAO) അംഗങ്ങൾക്ക് ഫ്രാൻസിസ് പാപ്പ കത്തയച്ചു. സംഘടനയുടെ സെക്രട്ടറി ജനറൽ ജോസ് ഗ്രാസിയാനോ ഡാ സിൽവയാണ് ഇക്കാര്യം അറിയിച്ചത്. ദാരിദ്ര്യവും പോഷകാഹാരക്കുറവും ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണെന്ന് മാർപാപ്പാ കത്തിൽ പറയുന്നു.
ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നമ്മുടെ സഹോദരങ്ങൾ ദാരിദ്ര്യം രോഗങ്ങളും കൊണ്ട് കഷ്ടതയനുഭവിക്കുന്നു. സമ്പത്തിന്റെ നീതിപൂർവ്വകമല്ലാത്ത വിതരണവും കാർഷികമേഖലയിലെ കുറഞ്ഞ വളർച്ചാനിരക്കുമാണ് ഈ പ്രശ്നങ്ങൾക്ക് പ്രധാന കാരണം. എല്ലാ രാജ്യങ്ങളിലെയും സർക്കാരുകൾ ഈ വിഷയത്തിൽ അടിയന്തിരനടപടി സ്വീകരിക്കണം.
മൂന്നാം ലോകരാജ്യങ്ങളിൽ ഈ പ്രശ്നങ്ങൾ രൂക്ഷമാണ്. ഇതിനെ ചെറുക്കാൻ കാർഷികമേഖലയിൽ കൂടുതൽ ഉത്പാദനമുണ്ടാകണം. ചെറുകിടവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. സമ്പത്ത് കുറച്ചാളുകളുടെമാത്രം കൈയ്യിൽ ഒതുങ്ങേണ്ടതല്ല. ഇവിടെ സാമൂഹ്യനീതിയും സുസ്ഥിരതയും ഉണ്ടാകണം. എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ കത്തിൽ പറയുന്നു.